പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3499 | 12.12.2014 ലെ മറുപടിയ്ക്ക്

## കർഷകർക്ക് വളത്തിന് സബ്സിഡി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകർക്ക് വളത്തിനു സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എപ്രകാരമാണ് സബ്സിഡി കർഷകർക്ക് ലഭ്യമാക്കുന്നത്; ഏതെല്ലാം കർഷകർക്കാണ് സബ്സിഡി നൽകുന്നത്; എന്തെല്ലാമാണ് നിലവിലുള്ള വ്യവസ്ഥകൾ; | (എ) കർഷകർക്ക് വളത്തിനു സബ്സിഡി നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ കാർഷിക വിളകളുടെ ഉല്പാദന വർദ്ധനവിന് ലക്ഷ്യമിട്ടുകൊണ്ട് കർഷകന് ഉല്പാദനോപാധികൾക്ക് സബ്സിഡി നൽകുമ്പോൾ അതിൽ വളപ്രയോഗത്തിനും സഹായം നല്കാറുണ്ട്. |
| (ബി) കഴിഞ്ഞ മൂന്ന് വർഷം എത്ര രൂപയാണ് സബ്സിഡി ഇനത്തിൽ സർക്കാർ കർഷകർക്കു നൽകിയത്; ജില്ല തിരിച്ചുള്ള കൃഷിക്കാരുടെ എണ്ണവും തുകയും വ്യക്തമാക്കുമോ ; | (ബി) കർഷകർ ഉപയോഗിക്കുന്ന രാസവളത്തിന് കേന്ദ്ര ഗവൺമെന്റ് കമ്പനികൾക്ക് നേരിട്ട് സബ്സിഡി നല്കി വിലകുറച്ചാണ് കർഷകർക്കു ലഭ്യമാക്കുന്നത്. കർഷകർ നേരിട്ട് വളം ഡിപ്പോകളിൽ നിന്നും രാസവളം, ജൈവവളം എന്നിവ വാങ്ങി ഉപയോഗിക്കുന്നതുകൊണ്ട് കർഷകരുടെ എണ്ണവും തുകയും നിശ്ചയിക്കുവാൻ അനുബന്ധ കണക്കുകൾ ലഭ്യമല്ല. |
| (സി) കേന്ദ്രസർക്കാരിന്റെ വളത്തിന് സബ്സിഡി നൽകുന്ന ഏതെല്ലാം പദ്ധതികൾ സംസ്ഥാനത്തുണ്ട്; കഴിഞ്ഞ മൂന്നുവർഷം എത്ര കർഷകർക്ക് ഈ പദ്ധതികളുടെ ആനുകൂല്യം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) കേന്ദ്രസർക്കാരിന്റെ വളത്തിന് സബ്സിഡി നൽകുന്ന പദ്ധതികൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ